## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – സൈക്കോ സോഷ്യൽ പദ്ധതി - സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ 2025-26 ലെ ഹോണറേറിയം അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: 1. 01/03/2025 ലെ ഈ കാര്യാലയത്തിലെ നം. DWCD/1358/2025-A3 കത്ത്

2. 09/06/2025 ലെ ഫിനാൻസ് ഓഫീസറുമായി നടന്ന യോഗത്തിലെ നിർദ്ദേശം

**ഉത്തരവ് നം. DWCD/3635/2025 - ICDS A6 തീയതി: 28-06-2025**

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ വനിത ശിശുവികസന വകുപ്പ് വഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ സർവിസ് പദ്ധതി. ഈ പദ്ധതി 1012 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനാണ് നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ളത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 1012 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ച വരുന്നു. സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം സേവനമനുഷ്ഠിക്കുന്ന ടി സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം 2235-02-102-62-01-01-05 (P) Psycho Social Service to Adolescent Girls – Other Allowance ൽ നിന്നുമാണ് 2024-25 കാലയളവുവരെ അനുവദിച്ച നൽകിയിരുന്നത്. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രസ്തുത ചെലവിനങ്ങൾ വഹിക്കുന്നതിന് പുതിയ ശിർഷകത്തിലാണ് (2235- 02-102-62-01-02-04 PV) തുക അനുവദിച്ച് ലഭിച്ചിട്ടുള്ളത്.

ആയതിനാൽ 2025-26 മുതൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് തുക ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയ്ക്കായി 2025-26 ൽ 2235-02-102-62-01-02-04- PV ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള Available provision തുകയായ 50,50,00,000/- രൂപയിൽ നിന്ന് 2025-26 സാമ്പത്തികവർഷത്തിലേക്ക് സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം ഇനത്തിൽ 9 മാസത്തേക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന തുകയുടെയും ഓണം ഉത്സവ ബത്ത ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കുന്ന തുകയുടെയും വിശദാംശം ചുവടെ പറയും പ്രകാരം ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി അനുവദിച്ച് ഉത്തരവാകുന്നു.

**2025-26 സാമ്പത്തിക വർഷം സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്കുള്ള ഹോണറേറിയം ഇനത്തിൽ 9 മാസത്തേക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന തുകയുടെയും ഓണം ഉത്സവ ബത്ത ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കുന്ന തുകയുടെയും വിശദാംശം**

| ക്രമ നം | ജില്ല | ആകെ കൗൺസിലർ തസ്തികൾ | ഒരു മാസത്തെ ഹോണറേറിയം തുക (24000/- രൂപാ നിരക്കിൽ) | ഓണം ഫെസ്റ്റിവൽ അലവൻസായി മാത്രം അനുവദിക്കുന്ന തുക (1250 രൂ | ഹോണറേറിയം ഇനത്തിൽ 9 മാസത്തേയ്ക്ക് അലോട്ട്മെന്റായി അനുവദിക്ക | 9 മാസത്തേയ്ക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന ആകെ തുക |
|---|---|---|---|---|---|---|

| | | | | പാ നിരക്കിൽ | ന്ന തുക | |
|---|---|---|---|---|---|---|
| | (എ) | (ബി) | (സി = ബി X 24,000) | ഡി = ബി X1 250) | ഇ = (സി * 9 ) | എഫ് = ഡി + ഇ |
| 1 | തിരുവനന്തപുരം | 78 | 1872000 | 97500 | 16848000 | 16945500 |
| 2 | കൊല്ലം | 87 | 2088000 | 108750 | 18792000 | 18900750 |
| 3 | ആലപ്പുഴ | 58 | 1392000 | 72500 | 12528000 | 12600500 |
| 4 | പത്തനംതിട്ട | 47 | 1128000 | 58750 | 10152000 | 10210750 |
| 5 | കോട്ടയം | 61 | 1464000 | 76250 | 13176000 | 13252250 |
| 6 | ഇടുക്കി | 69 | 1656000 | 86250 | 14904000 | 14990250 |
| 7 | എറണാകുളം | 68 | 1632000 | 85000 | 14688000 | 14773000 |
| 8 | തൃശ്ശൂർ | 77 | 1848000 | 96250 | 16632000 | 16728250 |
| 9 | വയനാട് | 60 | 1440000 | 75000 | 12960000 | 13035000 |
| 10 | പാലക്കാട് | 79 | 1896000 | 98750 | 17064000 | 17162750 |
| 11 | മലപ്പുറം | 97 | 2328000 | 121250 | 20952000 | 21073250 |
| 12 | കോഴിക്കോട് | 79 | 1896000 | 98750 | 17064000 | 17162750 |
| 13 | കണ്ണൂർ | 94 | 2256000 | 117500 | 20304000 | 20421500 |
| 14 | കാസർഗോഡ് | 58 | 1392000 | 72500 | 12528000 | 12600500 |
| | **ആകെ** | **1012** | **24288000** | **1265000** | **218592000** | **219857000** |

ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം ഇനത്തിൽ 9 മാസത്തേക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന തുകയും ഓണം ഉത്സവ ബത്ത ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കുന്ന തുകയും അലോട്ട്മെന്റായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതാണ്.

സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം, ഓണം ഉത്സവ ബത്ത എന്നീയിനങ്ങളിൽ ആവശ്യമായ **21,98,57,000/- (ഇരുപത്തിയൊന്ന് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി അൻപത്തിയേഴായിരം രൂപ മാത്രം)** രൂപ 2235-02-102-62-01-02-04- PV ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

അനുവദിക്കപ്പെടുന്ന തുക കൃത്യമായി ചെലവഴിക്കപ്പെടുന്നു എന്നു SCO മാർ BAMS പ്രകാരം പരിശോധിക്കേണ്ടതാണ്. 2025-26 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിന് വിധേയമായി മാത്രമേ ഉത്സവബത്തയ്ക്കുള്ള അലോട്ട്മെന്റ് DDO മാർക്ക് അനുവദിച്ചുനൽകേണ്ടതുള്ളൂ. ഹോണറേറിയം അനുവദിക്കുന്നതിന്മേൽ വീഴ്ചയോ കാലതാമസമോ ഉണ്ടാകുന്നില്ലായെന്നും SCO മാർ ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ പ്രകാരം അനുവദിക്കുന്ന തുകയിൽ നിന്നും ഡിസംബർ 2025 വരെ തുക വിനിയോഗിച്ച ശേഷം 05/01/2026 ന് മുൻപായി ധനവിനിയോഗ സാക്ഷ്യപത്രം , SOE എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അധികമായി തുക ആവശ്യമുണ്ടെങ്കിൽ ആവശ്യമായ തുകയുടെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ് :

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്